## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1519**

**06.03.2017 - ൽ മറുപടിക്ക്**

### നിലമ്പൂർ മണ്ഡലത്തിൽ കൃഷി വകുപ്പിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.പി.വി.അൻവർ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) നിലമ്പൂർ മണ്ഡലത്തിലെ മുണ്ടേരി ഫാമിൽ കാഷ്വൽ ലേബർ തസ്തികയിലുള്ള ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | എ) മുണ്ടേരി ഫാമിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നൽകിയ ലിസ്റ്റിൽ നിന്നും 189 പേരെ ഇതിനകം നിയമിച്ചിട്ടുണ്ട്. വിവിധ സംവരണ കാറ്റഗറികളിൽ മതിയായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ സംവരണ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ നിയമനം പൂർണ്ണമായിട്ടില്ല. ഈ വിഷയത്തിൽ ബഹു. ഹൈക്കോടതി മുമ്പാകെ ഒരു കേസ് നിലവിലുണ്ട്. ആയതിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരക്കുവാൻ കഴിയുകയുള്ളൂ. |
| ബി) മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവരുടെ സേവനം മറ്റ് കൃഷി ഓഫീസുകളിലേയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) നിലമ്പൂർ മണ്ഡലത്തിലെ കൃഷി ഓഫീസുകളിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരില്ലാത്തത്; ജീവനക്കാരുടെ അഭാവം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) കരുളായി കൃഷി ഭവനിലെ കൃഷി ഓഫീസറുടെ ഒരു ഒഴിവ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ